പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3119 13.03.2018 ൽ മറുപടിക്ക്

## കൊല്ലം നഗരത്തിൽ സ്കൈവാക്ക് സംവിധാനം

ചോദ്യം

ശ്രീ.എം. മുകേഷ് :

കൊല്ലം നഗര ഹൃദയത്തിൽ രണ്ട് ദേശീയ പാതകൾ കടന്നു പോകുന്നതും, അഞ്ച് പ്രധാന റോഡുകൾ സംഗമിക്കുന്നതും ഗതാഗത കുരുക്കേറിയതുമായ കൊല്ലം ചിന്നക്കട റൗണ്ടിൽ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി സ്കൈ വാക്ക് സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പുമന്ത്രി)

കൊല്ലം നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സ്കൈവാക്ക് സംവിധാനം സ്ഥാപിക്കുന്നതിന് കൊല്ലം കോർപ്പറേഷൻ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

ഇപ്രകാരമുള്ള ശുപാർശ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ലഭ്യമായിട്ടില്ല ഇതു ലഭ്യമാകുന്ന പക്ഷം കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കുന്നതാണ്.

SR

സെക്ഷൻ ഓഫീസർ